KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.240/PR/PIC/PHQ/18 Date : 27.09.2018

## ടൂറിസം പോലീസിന് പുതിയ യൂണിഫോം

ടൂറിസം പോലീസ് ഉദ്യോഗസ്ഥർക്ക് പുതിയ യൂണിഫോം രൂപകല്പനചെയ്ത് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

ടൂറിസം പോലീസിന് നിലവിലുള്ള നീല നിറത്തിലുള്ള ഷർട്ടിനു പകരം ഇനി മുതൽ കാക്കി ഷർട്ട് ധരിക്കണം. ഷർട്ടിന്റെ ഇടതുകൈയ്യിൽ കേരള പോലീസ് എന്നും വലതുകൈയ്യിൽ ടൂറിസം പോലീസ് എന്നും രേഖപ്പെടുത്തിയ ബാഡ്ജ് തുന്നിച്ചേർക്കും. ഷർട്ടിനുപുറമെ കറുത്ത നിറത്തിലുള്ള സ്ലീവ്‌ലെസ് ഓവർകോട്ട് ധരിക്കണം. ഇതിൽ മുന്നിൽ ഇടതുവശത്തും പിന്നിലും വെള്ള ഫ്ളൂറസെന്റ് നിറത്തിൽ ടൂറിസം പോലീസ് എന്ന് ഇംഗ്ലീഷിൽ എഴുതിയിരിക്കും. പരിഷ്ക്കരിച്ച യൂണിഫോം ഒക്ടോബർ 15 ഓടെ നടപ്പിൽ വരുത്താനുള്ള നടപടി പോലീസ് ആസ്ഥാനം എസ്.പി സ്വീകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവിൽ പറയുന്നു. കാക്കിനിറത്തിന് പ്രാധാന്യമുള്ള യൂണിഫോം ടൂറിസം പോലീസിനും ലഭ്യമാക്കണമെന്ന ആവശ്യം പരിഗണിച്ചാണ് പുതിയ യൂണിഫോമിന്റെ രൂപകല്പന. കാക്കി നിറത്തിലുള്ള പാന്റ്സും നീല നിറത്തിലുള്ള ഷർട്ടുമാണ് നിലവിൽ ടൂറിസം പോലീസിന്റെ യൂണിഫോം.

ഇന്ത്യയിലാദ്യമായി വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം സംരക്ഷണ - പോലീസ് സഹായ കേന്ദ്രങ്ങൾ ആരംഭിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നിലവിലുണ്ടായിരുന്ന ടൂറിസം പോലീസ് ഉദ്യോഗസ്ഥർക്ക് പുറമേ പാസിങ് ഔട്ട് കഴിഞ്ഞ് പുതുതായി പോലീസ് സേനയിലെത്തിയ വനിതാ പോലീസുകാരെ പരിശീലനം നൽകി ടൂറിസം പോലീസ് വിഭാഗത്തിൽ ഏതാനും മാസങ്ങൾക്ക് മുൻപ് തന്നെ നിയോഗിച്ചിരുന്നു. അതോടൊപ്പം തന്നെ ടൂറിസം പോലീസിന്റെ യൂണിഫോം പരിഷ്കരിച്ച് കാക്കി നിറത്തിലുള്ളതാക്കാനായുള്ള നടപടികൾ ആരംഭിച്ചിരുന്നു.

*********